# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** 27.02.2018 **ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 443**

### വ്യാവസായിക നിക്ഷേപം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.** | | **ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ)<br>&<br>(ബി) | കേരളത്തെ നിക്ഷേപസൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടതിലേയ്ക്കുമായി നിലവിലുള്ള വിവിധ വകുപ്പുകളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്താൻ പഠനം നടത്തുകയുണ്ടായി. വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2018 എന്ന പേരിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇത് നിയമസഭയിൽ ബില്ലായി അവതരിപ്പിച്ചിട്ടുണ്ട്.<br><br>വ്യവസായവകുപ്പിന്റെ ആഭിമുഖ്യത്തിൽ. E.S.S . നാനോ ഗാർഹിക ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി. ASHA പദ്ധതി, ഇ ഡി ക്ലബ്, ഇൻക്യൂബേഷൻ സെന്ററുകൾ, ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം, ഇന്റസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി തുടങ്ങിയവയിലൂടെ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാദ്ധ്യമാണ്.<br>സർക്കാർ ഇപ്പോൾ നടപ്പിലാക്കിയ പ്രസ്തുത പദ്ധതികൾ മൂലം കേരളത്തെ ഒരു മികച്ച വ്യവസായ മേഖലയാക്കുവാനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുമാകുമെന്നും പ്രതീക്ഷിക്കുന്നു. കെ എസ് ഐ |
| (ബി) | സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ കൊണ്ടുവരുന്നതിന് ആവിഷ്കരിച്ചിട്ടുള്ള കാര്യങ്ങൾ ഫലപ്രദമാണോയെന്നും ഈ സർക്കാർ ചുമതലയേറ്റ ശേഷം ഇപ്രകാരം എത്ര വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചെന്നും വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഡി സി യുടെ നേതൃത്വത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നൂതനമായ ആശയങ്ങളുമായി വന്ന ഇരുപത്തിയേഴോളം യുവ സംരംഭങ്ങൾക്ക് ആറ് കോടിയോളം രൂപ പ്രാരംഭ മൂലധന സഹായമായി നൽകിയിട്ടുണ്ട്. ഇതുകൂടാതെ 30 ഓളം യുവസംരംഭങ്ങൾ അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ എസ് ഐ ഡി സിയുടെ വിവിധ ഇൻക്യൂബേഷൻ സെന്ററുകളിൽ ഇൻക്യൂബേറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ കെ എസ് ഐ ഡി സിയുടെ മൂലധനസഹായം സ്വീകരിച്ചിരിക്കുന്ന സംരംഭങ്ങളും ഇൻക്യൂബേറ്റ് ചെയ്തിട്ടുള്ള യുവ സംരംഭങ്ങളും കൂടി അറുന്നൂറിൽപരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും മൂലധന നിക്ഷേപമായി മുപ്പതുകോടിയിലധികം തുക സംസ്ഥാനത്ത് നിക്ഷേപിക്കുകയുമുണ്ടായി,<br>സംസ്ഥാനത്ത് കൂടുതൽ വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഈ സർക്കാർ കെ എസ് ഐ ഡി സി യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. കെ എസ് ഐ ഡി സിയുടെ വ്യവസായ പാർക്കുകളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് ആവശ്യമായ റോഡ്, വൈദ്യുതി, വെള്ളം, എസ്.ഡി.എഫ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിന് സർക്കാർ നടപടി എടുത്തിട്ടുണ്ട്.<br>കൂടാതെ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ 114 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാം തന്നെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. |
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ പുതിയ ഏതെങ്കിലും വ്യവസായ സംരംഭം സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കും ആലപ്പുഴ, പാലക്കാട് ജില്ലകളിലായി സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കും, തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കും, പാലക്കാട് ജില്ലയിലെ ഡിഫെൻസ് പാർക്കും, എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക്സ് |

| | | | |
|---|---|---|---|
| | | | മാനുഫാക്ചറിംഗ് ക്ലസ്റ്ററും ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്ററും, സ്പൈസസ് പാർക്ക്, ഇടുക്കി തുടങ്ങിയവ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതികളാണ്.<br>തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (എസ് സി റ്റി ഐ എസ് റ്റി) യുമായി ചേർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ "മെഡിക്കൽ ഡിവൈസസ് പാർക്ക്" സ്ഥാപിക്കുവാൻ ധാരണയായിട്ടുണ്ട്. ഇതുകൂടാതെ, കേരള സർക്കാർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ എ വി) ലൈഫ് സയൻസ് പാർക്കിൽ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. |

Bindu, T

**സെക്ഷൻ ഓഫിസർ.**